ഹരിപ്പാട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

140 [3841] *ശ്രീ. ടി. കെ. ദേവകുമാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രി ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കാമെന്ന് ഗ്രാമപഞ്ചായത്ത് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ടി പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ചികിൽസാമേഖലയിലെ പരസ്യങ്ങൾ

141 [3842] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ഡോക്ടർമാർക്കോ മറ്റാർക്കെങ്കിലുമോ കേരളത്തിലെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ അവർ ചികിൽസിക്കുന്നതിന്റെ വിശദ വിവരങ്ങളോ ചികിൽസയുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലുമോ പരസ്യം ചെയ്യാൻ നിയമപരമായി അനുവാദമുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കായി പരസ്യം ചെയ്യാം; വിശദമാക്കുമോ;

(ബി) അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി മരുന്നുകൾക്കോ മറ്റെതെങ്കിലും മരുന്നുകൾ എന്നവകാശപ്പെടുന്ന വസ്തുക്കൾക്കോ കേരളത്തിലെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ അവയുടെ പരസ്യം നൽകാൻ നിയമപരമായി അവകാശമുണ്ടോ; എങ്കിൽ ഏതെല്ലാം മരുന്നുകൾക്ക് ഏതെല്ലാം സാഹചര്യത്തിൽ പരസ്യം ചെയ്യാമെന്ന് വ്യക്തമാക്കുമോ; ഇതു നിയമത്തിൽ എവിടെയാണ് സൂചിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly